**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1380** **07-02-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിലെ എ.കെ.എ.എസ്.ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ, ജി.ജി.എച്ച്.എസ്.എസ്. പയ്യന്നൂർ എന്നീ സ്‌കൂളുകൾക്ക് അനുവദിച്ച ഒരു കോടി രൂപയുടെ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; | (എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭൗതികസൗകര്യ വികസനത്തിനായി അനുവദിച്ച എ.കെ.എ.എസ്.ജി.വി.എച്ച്.എസ്.എസ് പയ്യന്നൂർ, ജി.ജി.എച്ച്.എസ്.എസ് പയ്യന്നൂർ എന്നീ സ്കൂളുകളുടെ ഡിപിആർ തയ്യാറാക്കി കിലയിൽനിന്നും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ആയത് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. |
| (ബി) | പദ്ധതിയുടെ ടെണ്ടർ നടപടികൾ വൈകുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | കില തയ്യാറാക്കിയ ഡിപിആർ - ന് കിഫ്ബിയിൽനിന്നും സാങ്കേതികാനുമതിയും പിഇഡി (Project Executive Document) യ്ക്ക് അംഗീകാരവും ലഭിച്ചാലുടൻ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്. |
| (സി) | പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിച്ച് നിർമാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 2023 ജനുവരി മാസം 3 കോടി, 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയും പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ